File No.LBRD-C2/89/2017-LBRD

DIRECTORATE OF EMPLOYMENT AND TRAINING
21 JUN 2017
THIRUVANANTHAPURAM

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ് - വിവിധ കമ്പനികൾക്ക് 2016-17 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവ് നൽകിയതു പ്രകാരമുള്ള പെൻഡിംഗ് പേയ്മെന്റ് നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

**സ.ഉ.(സാധാ)/801/2017/തൊഴിൽ** തിരുവനന്തപുരം,തീയതി 20/06/2017

പരാമർശം:- 1. സ.ഉ(സാ.ധാ)നം 1159/2016/തൊഴിൽ, തീയതി 09/09/2016
2. ട്രെയിനിംഗ് ഡയറക്ടറുടെ 04/05/2017,23/05/2017 എന്നീ തീയതിയിലെ ഇ3/13381/17 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

പരാമർശം 1ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ ഐ ടി ഐ കളിൽ അഫിലിയേഷൻ / റീ അഫിലിയേഷൻ എന്നിവ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിൽ നിന്നും നേടിയെടുക്കുന്നതിനായി കുറവുള്ള ഉപകരണങ്ങൾ സംഭരിക്കുവാൻ 15.55 കോടി രൂപയുടെ അനുമതി നൽകിയിരുന്നു. ആയത് പ്രകാരം വിവിധ കമ്പനികൾക്ക് ട്രെയിനിംഗ് ഡയറക്ടർ ഉപകരണ സംഭരണത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവ് നൽകിയെങ്കിലും ചില കമ്പനികൾ 31.03.2017 ന് മുൻപ് സാധനങ്ങൾ പൂർണ്ണമായി വിതരണം ചെയ്യാത്തതിനാൽ തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ 42-ഓളം ഐ ടി ഐ കളിൽ വിവിധ കമ്പനികൾ വിതരണം നടത്തിയതും ഇനിയും നടത്തുവാനുള്ളതുമായ ഉപകരണങ്ങൾക്ക് നൽകുവാനുള്ള 5,47,28,554/- രൂപ (അഞ്ച് കോടി നാൽപ്പത്തിയേഴ് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി അഞ്ഞൂറ്റി അൻപത്തി നാല് രൂപ മാത്രം) 2230-03-101-87 ഐ ടി ഐ കളുടെ നവീകരണം - (34) - മറ്റു ചെലവുകൾ (3) - മറ്റിനം - 2017-18 (പ്ലാൻ) എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 42 ഐ.ടി.ഐ.കളിൽ വിവിധ കമ്പനികൾ വിതരണം നടത്തിയതും ഇനിയും നടത്തുവാനുള്ളതുമായ ഉപകരണങ്ങൾക്ക് നൽകുവാനുള്ള 5,47,28,554/- രൂപ (അഞ്ച് കോടി നാൽപ്പത്തിയേഴ് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി അഞ്ഞൂറ്റി അൻപത്തി നാല് രൂപ മാത്രം) 2230-03-101-87- ഐ ടി ഐ കളുടെ നവീകരണം-(34)-മറ്റു ചെലവുകൾ (3)-മറ്റിനം - 2017-18 ( പ്ലാൻ ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി ട്രെയിനിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ. താരാദേവി**

**ജോയിൻറ് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (481056/എച്ച് ഡി എൽ-എ3/17/ധന. തീയതി 15/05/2017).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) എ ആന്റ് ഇ കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് - സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻവേണ്ടി

മേലെഴുത്ത് നമ്പർ ഇ3/13381/17 തീയതി:21/06/2017

സർക്കാർ ഉത്തരവ് അറിവിലേയ്ക്കും മേൽനടപടി സ്വീകരിക്കുന്നതിലേക്കുമായി എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും നൽകുന്നു. 2016-17 വർഷം വിതരണ ഉത്തരവ് നൽകിയതും തൃപ്തികരമായി വിതരണം ചെയ്തതുമായ യന്ത്രോപകരണങ്ങളുടെ വില അടിയന്തിരമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും (വെബ്സൈറ്റ് & ഇ-മെയിൽ മുഖേന)

പകർപ്പ്:-

1. ഡയറക്ടറുടെ സി.എ
2. എ.ഡി.റ്റിയുടെ സി.എ
3. സീനിയർ ഫിനാൻസ് ഓഫീസർ
4. ജി.ഡി.റ്റിയുടെ സി.എ
5. ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്)
6. എസ്.എസ് (ഐ)
7. എസ്.എസ് (എ)-അലോട്ട്മെന്റിനായി (ഐ.ടി.ഐകളുടെ പട്ടിക സഹിതം)
8. ജെ.എസ് (ഇ)
9. പർച്ചേസ് സെക്ഷൻ ക്ലാർക്കുമാർക്ക്
10. കരുതൽ ഫയൽ (ഇ3)

ഡി-21.06.17